# THE MALANKARA ORTHODOX SYRIAN CHURCH

CATHOLICATE OF THE EAST

## ADMINISTRATIVE COUNCIL

**Metropolitan Kuriakose Mar Clemis**
**President**

Catholicate Palace
Devalokam P. O, Muttambalam
Kottayam - 686004

**No: MOSC/AC/26/2021**

**ത്രിയേക ദൈവത്തിന്റെ വലിയ തിരുനാമത്തിൽ (തനിക്ക്) സ്തുതി**

**ദൈവ കൃപയാൽ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായും, മലങ്കര ഓർത്തഡോക്സ് സഭാ അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ പ്രസിഡന്റുമായ കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായിൽ നിന്നും**

നമുക്ക് എത്രയും വാത്സല്യമുള്ള നമ്മുടെ എല്ലാ ഇടവകകളിലെയും, വികാരിമാരും, സഹപട്ടക്കാരും, ദേശത്ത് പട്ടക്കാരും പള്ളി കൈസ്ഥാനികളും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും ആത്മീയ പ്രസ്ഥാനം ഭാരവാഹികളും, ശേഷം സഭാവിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ നമ്മുടെ വാത്സല്യ മക്കളെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചതിന്റെ 109-ാം വാർഷികം 2021 സെപ്റ്റംബർ മാസം 15-ാം തീയതി ബുധനാഴ്ച വി. സഭ ഭക്തിയോടും, ഏറെ അഭിമാനത്തോടും ആചരിക്കുകയാണല്ലോ. വി. സഭയുടെ സ്വാതന്ത്ര്യം ഊട്ടിയുറപ്പിച്ച സംഭവമാണ് 1912-ലെ 'കാതോലിക്കേറ്റ് സ്ഥാപനം.' പൂർവ്വ പിതാക്കന്മാരുടെ കണ്ണീരും പ്രാർത്ഥനയുമാണ് ഇന്ന് നാം അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യം എന്ന ബോധ്യം നമുക്ക് ഉണ്ടാകണം. ഇത് സ്വയശീർഷകത്വം ഉള്ള ഭാരതീയ സഭയാണ്. ഒരു വിദേശ മേധാവിത്വത്തിനും ഈ സഭയിൽ ഇനി സ്ഥാനം ഇല്ല. 2017 ജൂലൈ 3-ലെ വിധിയോടുകൂടെ എല്ലാ അർത്ഥത്തിലും പൂർണ്ണ സ്വതന്ത്രയായ ഒരു സഭ ആയി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ലോകസഭകൾക്ക് മുമ്പിൽ ഉയർന്നു കഴിഞ്ഞു. സാക്ഷ്യമുള്ള സഭയായി സമാധാനത്തോടെ മുൻപോട്ടു പോകുവാൻ ഇനി നമുക്ക് സാധിക്കണം. ഈ സഭ സത്യവും നീതിയുമാണ് ആഗ്രഹിക്കുന്നത്. കൗശലം കൊണ്ടോ തന്ത്രം കൊണ്ടോ അല്ല; സത്യത്തിൻമേൽ മാത്രമേ സഭ വളരുകയുള്ളൂ. നിയമത്തിനും, സത്യത്തിനും വിരുദ്ധമായത് ഒന്നും സഭ ആഗ്രഹിക്കുന്നില്ല. സഭയുടെ സ്വാതന്ത്ര്യം ഊട്ടിയുറപ്പിച്ച 1912-ലെ 'കാതോലിക്കേറ്റ് സ്ഥാപന' വാർഷികം സമുചിതമായി ആചരിക്കുവാൻ നാം നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. സഭാമക്കൾ ഒന്നടങ്കം വി. സഭയ്ക്കു വേണ്ടി പ്രത്യേക പ്രാത്ഥന നടത്തുവാൻ ശ്രദ്ധിക്കണം. അന്നേ ദിവസം ബലഹീനനായ നാം പരുമല സെമിനാരിയിൽ വി. കുർബാന അർപ്പിക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു.

(മറുപുറം)

വീണ്ടും പ്രിയരേ,

നമ്മുടെ സഭ പ്രയാസത്തിന്റെ ഒരു കാലഘട്ടത്തിൽ കൂടെ കടന്നു പോകുകയാണല്ലോ. പരി. ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ ബാവാതിരുമേനിയുടെ ദേഹവിയോഗത്തിന്റെ ഭൗതീകമായ മനോഭാരം നമ്മെ ഇതുവരെ വിട്ടുമാറിയിട്ടില്ല. സഭക്ക് ഒരു പ്രധാന മേലധ്യക്ഷനെ ദൈവഹിതപ്രകാരം തെരഞ്ഞെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്ന വിവരം ഇതിനോടകം തന്നെ നിങ്ങൾ എല്ലാവരും അറിഞ്ഞുകാണുമല്ലോ. എല്ലാ സഭാമക്കളും നിനുവയരെപ്പോലെ രട്ടിലും വെണ്ണീറിലും ഇരുന്ന് ഉപവസിച്ചു പ്രാർത്ഥിക്കേണ്ട സമയമാണിത് എന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമ്മിപ്പിക്കുന്നു. സഭയുടെ പാരമ്പര്യത്തിനും, വിശുദ്ധിക്കും നിരക്കാത്ത ഒരു കാര്യവും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ല. എല്ലാറ്റിലും വലുത് വി. സഭയാണ്. വി. സഭയുടെ തലവൻ ക്രിസ്തുവും, സഭയെ നയിക്കുന്നത് പരിശുദ്ധ റൂഹായും ആണ് എന്ന ബോധ്യം നമുക്ക് ഉണ്ടാകണം. ഈ അടുത്ത കാലത്ത് സഭയ്ക്കുള്ളിൽ കണ്ടുവരുന്ന തെറ്റായ ചില പ്രവണതകൾ നമ്മുടെ മനസിനെ വല്ലാതെ ദു:ഖിപ്പിക്കുന്നു. 1912-ൽ സഭയുടെ നിർണ്ണായക ഘട്ടത്തിൽ നെടുനായകത്വം ഏറ്റെടുത്ത് ഭാഗ്യമോടെ സഭയെ നയിച്ച പുണ്യവാനായ മുറിമറ്റത്തിൽ പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവാ മുതൽ ഭാഗ്യവാനായ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ ബാവാ വരെയുള്ള, പരിശുദ്ധ സിംഹാസനം അലങ്കരിച്ച എല്ലാ പിതാക്കന്മാരെയും ഭക്തിപൂർവ്വം സ്മരിച്ചുകൊണ്ടാകുന്നു നാം ഇത് നിങ്ങളെ ഓർമ്മിപ്പിക്കുന്നത്.

ആകയാൽ 'എന്റെ സഭ' എന്ന ചിന്ത മാത്രമായിരിക്കണം നമ്മെ ഭരിക്കേണ്ടത്. പരിശുദ്ധ സഭയുടെ പാരമ്പര്യത്തിനും, വിശുദ്ധിക്കും അനുസരിച്ച് യോഗ്യനായ ഒരു പിതാവ് പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ അവകാശിയായി തെരഞ്ഞെടുക്കപ്പെടുവാൻ സഭ ഒരേ ആത്മാവിൽ ദൈവ മുമ്പാകെ മുട്ടിപ്പായി പ്രാത്ഥിക്കണം.

ശേഷം പിന്നാലെ, ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുണയും നിങ്ങൾ എല്ലാവരുടെമേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

+ Kuriakose Mar Clemis

വാങ്ങിപ്പ് പെരുന്നാളിന് ശേഷം നാലാം ആഴ്ച
ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും

**കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ**